MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കൊച്ചിയിൽ ഇങ്ങ നെ ഒരു നിരോധനം കൊടുത്തിട്ടുണ്ടെന്നു പറഞ്ഞല്ലോ. അവിടെ അനീതി പ്രവത്തിച്ചാൽ നാം അതിനെ അനുകരിക്കണമെന്നുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ലോകത്തു മറ്റു ഭാഗങ്ങളിൽ നടക്കുന്നതു് അനീതിയാണെന്നു വിചാരിക്കുന്നതു തെറ്റാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ നിരോധനം ജന്മിമാക്കു നഷ്ടമുണ്ടാക്കുകയില്ലേ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): ൧൦൪-മീനത്തിനു ശേഷം കേസു കൊടുത്താൽ പ്രയോജനമില്ലെന്നു അറിഞ്ഞു കൊണ്ടു വ്യവഹാരം കൊടുക്കുന്ന ജന്മി നഷ്ടം സഹിക്കുക തന്നെ വേണം.

ഇതുവരെ വസ്തു ഒഴിപ്പിക്കാത്ത ജന്മിക്കു ഈ അവസാന ഘട്ടത്തിൽ വ്യവഹാരം കൊടുത്തു വസ്തു ഒഴിപ്പിക്കേണ്ട ആവശ്യമില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartiapalli*): If we refer to the legislation in Malabar and Cochin we find that steps to give a greater retrospective effect to some of the provisions are omitted in the Legislation there. Here, I am asking only for a provision which will disentitle the Jenmies in the case of decrees passed after the Amendment Regulation comes into force. I could have legitimately included cases where decrees are passed even before the Amendment Regulation comes into force. If anybody will bring forward such an amendment I am prepared to accept it.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബിൽ ഗസറ്റിൽ പരസ്യം ചെയ്തശേഷം എത്തെങ്കിലും കേസു ഫയലായിട്ടുണ്ടോ എന്നു മെമ്പർക്കറിയാമൊ?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അതു ഈ സങ്കടം പറയുന്ന മെമ്പർ വേണം പറയുവാൻ. ഈ വകുപ്പു ഇവിടെ എടുത്തു കളയുന്നൊ ഇല്ലയൊ എന്നു നോക്കിയിട്ടു വ്യവഹാരപ്പെടാൻ കാത്തിരിക്കയാണു് ജന്മിമാർ എന്നു മെമ്പറുടെ അഭിപ്രായം കൊണ്ടു തോന്നി പോകുന്നുണ്ടു്.

Sir, with these words I move this amendment for the consideration of the House.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): I support the motion.

PRESIDENT: We will now adjourn to meet again at quarter to three.

The Council adjourned for lunch at 2 P. M. and re-assembled at 2.52 P. M.

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): Sir, the amendment before the House relates to prohibition fixed in Section 5 against the claiming of the enforcement of the right of

LIBRARY ARCHIVES Kerala Legislative Assembly

relinquishment that the Kudiyan had under Regulation 1071. As it is, both the Jenmi members and the Kudiyan members are agreed to give up their respective rights and to lay down that after the passing of this Regulation that right should not be exercised. The Jenmi members want that this prohibition must come into force only after the date of the commencement of the Regulation, that is, that they must be in a position to allow the Kudiyan to relinquish or to enforce a surrender by them until this Regulation comes into force. My friend Mr. Asan wants the prohibition to be restricted to all proceedings before the 19th Meenam 1105. I must here make a personal explanation.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I have used the expression 'since the 19th Meenam 1105.'

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): That is, the prohibition should be allowed in all cases after 19th Meenom 1105. I must own that I made a mistake when I said that that was the date of the introduction of the Bill before this House. I am informed now that this refers to a date about four months after the publication of the first Select Committee's Report on this Bill. The Jenmi members evidently reply upon the provisions in Section 7 of the General Clauses Regulation which relates to all proceedings started under a repealed Regulation unaffected by the provisions of a later repealing Regulation. What I pointed out was that, as regards the execution of decrees, it is doubtful whether that can be taken to be a continuation of the existing suit. The provisions of Section 7, will be applicable to suits and unless the statute itself makes the provisions of the later Regulation have a retrospective effect, the proceedings under the prior Regulation would not be affected by it. It is doubtful whether execution proceedings would in all cases be taken as a continuation of the proceedings initiated before the passing of the Regulation. It is therefore that I wanted to know whether they required a substitution of a later date in the existing explanation or whether they wanted to take away the whole explanation. Now, I understand that there is a provision which relates to execution applications. That is what everyone of us wants with reference to applications in execution of the decrees passed before 19th Meenam 1105, but presented after that date, as well as application in execution of decrees passed after 19th Meenom 1105. Wtih respect to suits filed before that date they want this prohibition not to be applicable. That is what I understood from the Jenmi members. From a talk I had with some of the leading members who represent the Kudiyans, I gathered that they also in a way agree to this exemption being granted. If that is to be done and if the date proposed in the amendment put in by the Select Committee is to be accepted, I would add after the words '19th Meenom 1105' the following :

> *"Suits referred to herein shall include applications for execution of decrees specified in this Section and also of those passed before the 19th Meenam 1105".*

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur A. Venkatarama Aiyar.]

If this insertion is made the apprehension entertained by the Jenmi members would be removed. The object of the Jenmi members is that, irrespective of what has transpired in the Select Committee and in this House, this prohibition should be enforcible only in respect of proceedings after the date of the commencement of this Regulation. This does not seem to be proper. In the Select Committee they have come to a definite understanding in regard to this provision, and the date given here is about four or five months after the publication of the Select Committee's Report. Both the Jenmies and Kudiyans must have come to an understanding that what is proposed to do is to see that jenmies' right of surrender or their right of insisting upon relinquishme nt is taken away. After the public was made aware of this, it is not desirable to say that it is only to the proceedings started after the commencement of the Regulation that that prohibition would relate. Now a sort of compromise is attempted to be arrived at between Jenmies and Kudiyans. So, I would suggest that the 19th Meenam referred to in the amendment of Mr. Asan be retained and the apprehensions entertained by the Jenmi members removed by the insertion of the clause proposed by me. With these observations I support the amendment of Mr. Asan.

PRESIDENT: Are you prepared to accept it Mr. Asan?

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): I am agreeable to accept the amendment suggested by the Deputy President. I do not know whether the wording is alright. The Law Member will see to that.

PRESIDENT: What do you say about that Mr. Tuppan Namputiri?

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): I shall explain that in Malayalam.

ഈ നിയമം ബാധിക്കുന്നതു്, സിലക്ട് കമ്മിറ്റി റിപ്പോർട്ട ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി നാലുമാസം കഴിഞ്ഞതായ ൧൦൩൯ മീനം ൧൯-൦൯൰ മുമ്പു കൊടുത്തിട്ടുള്ള വ്യവഹാരങ്ങളേയോ അതിനു മുമ്പു ഡിക്രിയായിട്ടുള്ള വിധി നടത്തുകളേയൊ ഈ റഗ്ലേഷൻ ബാധിക്കുകയില്ലെന്നു വയ്ക്കുന്നതു നന്നായിരിക്കുമെന്നാണു് ഞാൻ പറഞ്ഞതു്. അതു മി. ആശാൻ അംഗീകരിച്ചു കഴിഞ്ഞു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): എനിക്കതു സ്വീകരിക്കുന്നതിൽ വിരോധമില്ല.

PRESIDENT: The amendment, as it stands, now reads as follows:

Substitute the following for the proviso to Explanation 2:

"This prohibition shall also apply to all applications or suits pending on the date this Amendment Regulation comes into force if such application was made or suit was instituted since 1st April 1930/19th Meenam 1105. Suits referred to herein shall include applications for

LIBRARY ARCHIVES Kerala Legislative Assembly

execution of decrees specified in this paragraph and also all those passed before the 19th Meenam 1105."

MR. S. KRISHNA PILLAI (*Karunagapalli*): Sir, that cannot be correct. Applications could not be included in suits. Suit is defined under various Regulations and to say that application shall also be included within the term suit.—

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): "For the purpose of this Section", that is what I said. The expression "suits" found in the previous sentences refers to the same thing. All suits for the purpose of this paragraph would also include applications for execution.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : Will it not be better if in the place of the word "suits" the word "application" is repeated ?

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*) The idea is that suits for the purpose of enforcement of a right to relinquish or right to surrender would have been filed before the 19th Meenam 1105. If such suits have been filed and the decrees have been passed after the commencement of this Regulation, this prohibition will not affect. The question will arise whether in cases where after obtaining that decree applications are made for executing that decree this prohibition would stand in the way. For that purpose, it is expressly stated that, so far as the expression "suit" is concerned, it will include applications for execution also. Applications for execution may relate to suits that have been filed before the 19th Meenam 1105 and decreed after the date of the commencement of this Regulation. Again, applications for execution may be with respect to decrees for the same purpose obtained before 19-8-1105. In such cases this prohibition should not stand in the way; if a decree had been passed and if execution application is put in before this date, despite this prohibition the applicant has a right to enforce the decree.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*) : May I know what is the kind of "application" referred to ?

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): The Jenmi Kudiyan Regulation of 1071 provided not only for suits but also for applications for relinquishing to a Kudiyan. Therefore, the applications referred to here are the applications referred to under that Regulation. But the application for execution must be made under the Civil Procedure Code. For that there must be specific provision. There is the word "suit". There is a difference of opinion as to whether application for execution of decrees can be considered to be continuations of suits. Some hold that to be so and some hold otherwise. To avoid any difference of opinion on that account, it is expressly stated that suits would include applications for execution of decrees. Applications for execution of decrees, specifically referred to in the previous portion, or passed before the date specified there, or irrespective of this

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur A. Venkatarama Aiyar.]

Regulation, may even be after the commencement of this Regulation. is to make a comprehensive provision to control such applications that this has been suggested.

PRESIDENT: Do you accept this amendment, Mr. Krishna Pillai ?

MR. E. V. KRISHNA PILLAI (*Kottarakara cum Kunnattur*): I accept it.

PRESIDENT: I will put Mr. Asan's amendment to vote. The amendment is as follows;

Substitute the following for the priviso to Explanation 2:—

"This prohibition shall also apply to all applications or suits pending on the date this Amendment Regulation comes into force if such application was made or suit was instituted since 1st April 1930/19th Meenam 1105. Suits referred to herein shall include applications for execution of decrees specified in this paragraph and also all those passed before the 19th Meenam 1105."

The amendment was put and carried.

PRESIDENT: Since this amendment is carried, Mr. Tuppan Namputiri's amendment falls through. The next amendment, No. 21, stands in the name of Mr. Tuppan Namputiri.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): Section 9-ൽ Explanation (൪) എടുത്തുകളയണം എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ വകുപ്പു ഇവിടെ ആവശ്യമില്ലാത്ത ഒന്നാണ്. ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള സംഗതികൾ മുഴുവനും നാം വിവരണംകൊണ്ടു സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു.

അതെ Explanation (൫) നാൽ ജന്മിയുടെ അനുവാദം കൂടാതെ തന്നെ കാണവസ്തുക്കളെ ഏതു തരത്തിലും രൂപാന്തരപ്പെടുത്തുന്നതിനുള്ള സ്വാവകാശങ്ങളും കൊടുത്തു കഴിഞ്ഞിട്ടുണ്ട്. നാലാം വിവരണത്തിൽ കുടിയാന്റെ പ്രയത്നഫലത്തിൽ നിന്നും യാതൊരാദായവും ജന്മിക്കു കിട്ടുവാൻ അവകാശമില്ലെന്നാണ് പറയുന്നതു്. പാട്ടം കൂട്ടുന്നവകയ്ക്കാണല്ലോ ഈ വിവരണത്തിന്റെ ആവശ്യം: പാട്ടം സെറ്റിൽമെന്റു പാട്ടമിച്ചത്തിന്റെ കൂടുതൽ കുറവനുസരിച്ചു കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാമെന്നല്ലാതെ ആദായത്തിന്റെ കണക്കുവച്ചു കൂട്ടാൻ പാടില്ലെന്നു ഈ ബില്ലിനാൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ടു. ആ സ്ഥിതിക്കു ഈ വിവരണം ഇവിടെ അനാവശ്യമാകുന്നു. ഇതിനും പുറമെ കുടിയാന്റെ പ്രയത്നം കൊണ്ടുണ്ടാകുന്ന യാതൊരാദായത്തിനും ജന്മിക്കവകാശമില്ലെന്നു പറഞ്ഞിരിക്കുമ്പോൾ കുടിയാന്റെ പ്രയത്നമില്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്ന ആദായത്തിനു ജന്മിക്കവകാശമില്ലേ എന്നൊരു ഉർവ്യാഖ്യാനത്തിനുകൂടി ഇടയുണ്ട്. ഇങ്ങനെ വ്യാഖ്യാനിച്ചു ഉർവ്യവഹാരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ വിവരണം കാരണമാക്കിയേക്കും. ജന്മികും കുടിയാനും തമ്മിലുള്ള വഴക്കു തീരെ കുറയ്ക്കണമെന്നുള്ളതാണല്ലോ നമ്മുടെ ഉദ്ദേശം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഉർവ്യാഖ്യാനം ചെയ്താൽ അതു കൊണ്ടുള്ള ഗുണമാക്കാണു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഗുണം തീർച്ചയായും വക്കീലന്മാക്കു കിട്ടും (ചിരി). അവരുടെ ഗുണത്തിനായി ഇവിടെ ഒരു വകുപ്പിന്റെ ആവശ്യമില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഉർവ്യാഖ്യാനം ചെയ്യുന്നതാരാണു! ജന്മിയോ? കുടിയാനോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): രണ്ടു പേരുമല്ല, വക്കീലന്മാരാണു്. ജന്മിമാർ ഇതിലേക്കു കേസ്സു കൊടുക്കാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നു വക്കീലിനോടു ചോദിക്കുമ്പോൾ ഈ വകുപ്പിനെ വ്യാഖ്യാനിച്ചു മാർഗ്ഗമുണ്ടെന്നു പറഞ്ഞു കൊടുത്തു വ്യവഹാരം വർദ്ധിപ്പിക്കും. ജന്മി ഹൈക്കോടതിവരെ വ്യവഹാരം പറഞ്ഞുതോല്ക്കുമ്പോൾ 'എനിക്കുള്ള ഫീസു ഇങ്ങു തന്നേയ്ക്കു' എന്നു വക്കീൽ പറയും. ഇതിനല്ലാതെ ഈ വകുപ്പു കൊണ്ടു ഒരു പ്രയോജനവുമില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): വക്കീൽ കേസുനടത്തിയാൽ ഫീസുകൊടുക്കണ്ടേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇങ്ങിനെ ഉർവ്യാഖ്യാനം ചെയ്യുന്നതിനു ഇടവരുത്തി വക്കീലിനു ഫീസുകൊടുക്കേണ്ട ആവശ്യം ജന്മിക്കോ കുടിയാനോ ഇല്ലല്ലോ. ഞാൻ മുമ്പു പറഞ്ഞതുപോലെ ഈ വകുപ്പിന്റെഉദ്ദേശം പാട്ടം കൂട്ടുന്നതിനെസംബന്ധിച്ചാണു്. പാട്ടം കൂട്ടിതരേണ്ട എന്നു ഞങ്ങൾ സമ്മതിച്ചുകഴിഞ്ഞു. ഈ നിലയ്ക്കു ഈ വകുപ്പിന്റെ ആവശ്യമെന്താണു?

MR. K. P. KOCHUKORA TARAKAN (*Kunnatnad*): ഈ വകുപ്പിനെ എടുക്കാതെ "കുടിയാനവന്റെ പ്രയത്നത്താലോ അല്ലാതെയോ ഉണ്ടാകുന്ന യാതൊരാദായത്തിനും ജന്മിക്കവകാശമില്ല" എന്നു ചേർത്താൽ മതിയാവുകയില്ലേ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇവിടെ വകുപ്പുകൂടിവരുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

MR K. P KOCHU KORA TARAKAN (*Kunnatnad*): മെമ്പർ പറഞ്ഞതു് ഈ വകുപ്പുകൊണ്ടു ഒഴിവ്യാഖ്യാനങ്ങൾ ഉണ്ടാക്കി വ്യവഹാരം വർദ്ധിപ്പിക്കാൻ വക്കീലിനു ഒരു കാരണമുണ്ടാക്കികൊടുക്കുന്നു എന്നാണു്. എന്നാൽ സ്വന്ത പ്രയത്നത്താലൊ അല്ലാതെയോ ലഭിക്കുന്ന ആദായത്തിനെല്ലാം അവകാശം കൂടിയാനാണു് എന്നു വരുത്തുക്കവെണ്ണം ഏതെങ്കിലും ഒരു വകുപ്പു ചേർത്താൽ പോരെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : അതു മൂന്നാം വിവരണംകൊണ്ടു വ്യക്തമായി വന്നുകഴിഞ്ഞു.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അപ്പോൾ അവത്തനമെന്നുള്ള ദോഷമല്ലാതെ ഇതുകൊണ്ടു ജന്മിമാക്കു ദോഷമൊന്നുമില്ല. അവത്തനം പാടില്ല എന്നുള്ള കാരണത്തിന്മേലാണു് മെമ്പർ എതുക്കുന്നതു് എന്നാണൊ മനസ്സിലാക്കേണ്ടതു്?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ജന്മിമാക്കു ഇതുകൊണ്ടു യാതൊരു ദോഷവുമില്ല. ഒഴിമ്മാരായ ജന്മിമാരുമുണ്ടെന്നു പറഞ്ഞല്ലൊ. അങ്ങിനെയുള്ളവർ ഈ വകുപ്പിനെ വച്ചുകൊണ്ടു വ്യവഹാരം കൊടുത്തുനോക്കും. സാധുക്കളായ കുടിയാന്മാർ തക്കിക്കാൻ ധാരാളം പണം ചിലവുചെയ്യേണ്ടിവരും. അതിനാൽ കുടിയാന്മാരുടെ രക്ഷയ്ക്കായി ഈ വകുപ്പു് ഇവിടെ ആവശ്യമില്ല എന്നാണു് എന്റെ അഭിപ്രായം.

MR. N. RAMAN NAMPUTIRIPAD (*Co-opted*): ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*) : I oppose the amendment. Section 14 (1) is as follows ;

> "Notwithstanding any usage or contract to the contrary, the jenmikaram of any land shall not be liable to alteration or revision at any time except after any future general Land Revenue Settlement by Our Government."

Now, we are going to stabilise the jenmies', dues. The amount of dues now fixed is liable to be changed only as a result of a future settlement. Suppose the lines, on which that settlement is proposed to be conducted, bring about a contingency that certain improvements effected by the kudiyan on the holding do not form a ground for the future settlement authorities to increase the tax or any kind of dues due from the land. Suppose a factory is built upon the land, and also suppose that the future Land Revenue Settlement does not take into account the fact that the lands have been improved in consequence of that factory. Then jenmikaram, according to Section 14 (1), does not stand to be improved, because the settlement does not enhance any amount due on the land. The jenmi should not then come forward and say "Well, under the settlement I am not entitled to enhance the rate.

LIBRARY ARCHIVES Kerala Legislative Assembly

But there is the improvement in consequence of the building of a factory there, and therefore I am entitled to enhance the dues". So, if this clause for improvement is not left here and is not solved now, my submission is that an interpretation like this is not quite improbable. And it is admitted by the mover of the amendment that he does not object to the clause remaining there. His objection is only that it is inartistic, redundant and a repetition. I think it is better, with a view to removing further difficulties on account of different possible interpretations on this legislative provision, to leave it as it is.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) : I also rise to oppose the amendment. In one sense, probably, Mr. Namputiripad is correct in saying that the provision is not necessary because we have already provided in the previous clause that the kudiyan shall be deemed to be the owner of the land. It necessarily implies that he has got all the rights of the owner, including the right provided for by the explanation now sought to be deleted. But the object of still retaining the explanation is this The Round Table Conference was called upon to discuss the whole question of the relations between the jenmies and the kudiyans. It was decided at the conference that a provision to the effect that the kudiyan should have the right to make improvements in the land should be inserted in the Bill, and it was thought that misunderstandings would arise if this proviso is not included in the Bill even as revised by the second Select Committee. It was with such a provision that the Bill was originally introduced in the Council. The Select Committee, when the Bill was revised by it, could have very well omitted the proviso. They thought apparently that the deletion of this proviso might possibly lead to misunderstandings, and just to avoid those misunderstandings this proviso was put in. As Mr. Tuppan Namputiripad admitted, this does not in any way injure or cast any cloud on the title or the rights of the jenmies.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) : ഇപ്പോഴത്തെ നിലയ്ക്കു ഈ വിവരണം വളരെ ആവശ്യമായിട്ടു തോന്നുന്നുണ്ടോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ വിവരണമില്ലെങ്കിലും ഉദ്ദേശിക്കുന്ന കാര്യങ്ങൾ നടക്കുമെന്നുള്ളതു സമ്മതിക്കാം. ഇതു് റൌണ്ടേബിൾ കാൺഫറൻസിൽ തീരുമാനിച്ചിട്ടുള്ള പ്രധാന തത്വങ്ങളിൽ ഒന്നാണു്. കുടിയാനു വസ്തുവിൽ സ്വാതന്ത്ര്യമായി ഭോഗണ്ഡിക്കാനുള്ള അവകാശമുണ്ടു്, എന്നാൽ ആ കാരണത്തിന്മേൽ മിച്ചവാരം കൂട്ടുവാൻ പാടില്ല. ഇതിലേക്കു മുമ്പു ഗവണ്മെൻറു അവതരിപ്പിച്ച ബില്ലായിരുന്നുവെങ്കിൽ ഇതാവശ്യമാണു്. എന്നാൽ ഇപ്പോഴത്തെനിലയ്ക്കിതാവശ്യമില്ലെങ്കിലും റൌണ്ടേബിൾകാൺഫറൻസിൽ തീരുമാനിച്ച തത്വം ചോക്കാതെയിരുന്നാൽ തെറ്റി

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Paramesvaran Pillai.]

ധാരണയ്ക്കിടവരുമല്ലൊ എന്നു വിചാരിച്ചുമാത്രം ഇതിവിടെ ചേർത്തതാണു്.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): റൌണ്ടേബിൾ കാൺഫറൻസിൽ തീരുമാനിച്ചിട്ടുള്ള പല തത്വങ്ങൾക്കും വിപരീതമായിട്ടാണല്ലൊ ഈ ബിൽ രൂപീകരിച്ചിട്ടുള്ളതു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇതു അതുമാതിരിയല്ല. ഈ വിവരണംകൊണ്ടു ജന്മിയ്ക്കു കൂടിയാനോ ഒരു ദോഷവും വരാനില്ല. തെറ്റിധാരണ ഉണ്ടാകാതിരിക്കാൻവേണ്ടിമാത്രം ചേർത്തതാണു്; അതിനാൽ ഇതിനെ എടുക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

As I was explaining, Sir, this provision serves to avoid possible misunderstandings. It will not really advance the rights of the kudiyan further than what is provided in clause 5. The Round Table Conference put in such a provision, to omit it may lead to misunderstandings.

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): Sir, I would also oppose the amendment on this ground. So far as Explanation 3 is concerned, that provision is inserted with special reference to the right of the kudiyan to improve the property, and Explanation 4 is with reference to the denial of the right of the jenmi to claim any enhancement of michavaram or any enhancement of the rent due to him on that account. Instead of a separate explanation, if we have only added to Explanation 3 ' but this would not in any way entitle the jenmi to claim any enhancement in the rent due to him ', probably, Mr. Tuppan Namputiripad would have no objection. Instead of that, we have only inserted it in the form of a separate explanation. This provision is made from two standpoints, *viz.*, one with reference to the right of the kudiyan to effect improvements and the other as regards the consequences of such improvements *i. e.*, laying down that the jenmi, by reason of such improvements, could not claim any enhancement in the rent which was allowed him under the Regulation. Under these circumstances, although to a certain extent it may be thought logical, I think in a legal enactment tautology should not be avoided, if other complications could be avoided by it. I am for the retention of this explanation as well.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ സംബന്ധിച്ചു് മെസ്സേഴ്സ് ഇ. വി. കൃഷ്ണപിള്ള, കയ്യാലം പരമേശ്വരൻപിള്ള, വൈപ്പൂട്ടി പ്രസിഡൻറു എന്നീ മൂന്നു മാന്യസാമാജികന്മാരും അഭിപ്രായം പറയുകയുണ്ടായി. മി. ഇ. വി. കൃഷ്ണപിള്ളയുടെ അഭിപ്രായം എന്തായിരുന്നുവെന്നു എനിക്കു മനസ്സിലാക്കുവാൻ സാധിച്ചില്ല. ലാമെമ്പർ മലയാള

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ക്രൂടി പറഞ്ഞതുകൊണ്ടു എനിക്കതു മനസ്സിലാക്കുവാൻ സാധിച്ചു. അദ്ദേഹം പറഞ്ഞതു ഇതു റൌണ്ടു ടേബിൾ കാൺഫ്റൻസിൽ തീരുമാനിച്ചിട്ടുള്ള തത്വമാണെന്നും ഇതിവിടെ കിടക്കുന്നതുകൊണ്ടു് അധികസ്യ അധികം ഫലം എന്നല്ലാതെ ദോഷമില്ലെന്നും അതുകൊണ്ടാണു ചേർത്തതെന്നുമാണു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇതെടുത്തുകഴിഞ്ഞാൽ തെറ്റിദ്ധാരണയ്ക്കുക്രൂടി അവകാശമില്ലെ എന്നൊരു സംശയംക്രൂടി ഉണ്ടെന്നും ഞാൻ പറഞ്ഞു.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഇതെടുത്തുകളയുന്നതുകൊണ്ടു ഒരു തെറ്റിദ്ധാരണയ്ക്കും അവകാശമുള്ളതായി എനിക്കു തോന്നുന്നില്ല. ജന്മിമാരുടെ ബില്ലിൽ ഒരു പ്രയോജനവുമില്ലാത്ത കുറെ അധികം വകുപ്പുകൾ ഉണ്ടാക്കിവയ്ക്കുന്നതുകൊണ്ടു് എന്താണു് വിശേഷം?

ഇതു് റൌണ്ടു ടേബിൾ കാൺഫ്റൻസിൽ തീരുമാനിച്ചിട്ടുള്ള തത്വമാണു്, അതുകൊണ്ടാണു് ഇതു ചേർത്തതെന്നാണു ലാ മെമ്പർ പറഞ്ഞതു്. എന്നാൽ റൌണ്ടുടേബിൾ കാൺഫ്റൻസ് തീരുമാനിച്ച പല തത്വങ്ങൾക്കും വിപരീതമായിട്ടാണു ഇവിടെ കാണുന്നതു്. ഞാൻ അഭിമാനമായിട്ടുപറയുന്നതല്ലെങ്കിലും ജന്മിഭാഗത്തുനിന്നും പലസംഗതികളും കുടിയാനായി വിട്ടുകൊടുത്തിട്ടുണ്ടു്. ഞാൻ ജന്മിമാരുടെ ഭാഗത്തേക്കു വാദിക്കുന്നു, മറ്റുചിലർ കുടിയാന്റെ ഭാഗത്തേക്കു വാദിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ ജന്മിക്കുള്ള ഗുണം മുഴുവനും പോകുന്നു എന്നു കണ്ടാൽ നിങ്ങളാരുംതന്നെ കുടിയാൻഭാഗത്തേയ്ക്കു വാദിക്കുന്നില്ലെന്നാണു് എന്റെ വിശ്വാസം. യഥാർത്ഥത്തിൽ കുടിയാന്റെ രക്ഷയാണു ജന്മിമാരുടെ രക്ഷ. ഇതനുഭവിച്ചറിഞ്ഞയാൾക്കുമാത്രമെ പറയുവാൻ സാധിക്കുകയുള്ളു. ഇന്നു കുടിയാന്റെ രക്ഷ ഇന്നതാണെന്നു കൃത്യതലായി അനുഭവമുള്ളതു മറ്റു സാമാജികന്മാരെ അപേക്ഷിച്ചു എനിക്കാണെന്നുള്ളതു ധൈര്യമായി പറയാം. ഇന്നു മി. തുപ്പൻ നമ്പൂതിരിജന്മികുടിയാന്നു ദോഷമില്ലാതെ ഒരു ബിൽ കൊണ്ടുവരുവെന്നാവശ്യപ്പെട്ടാൽ നിശ്ചയമായും ഇന്നു ഈ ഭേദഗതികളുടെ ഒരാവശ്യവുമുണ്ടാകാത്ത ഒരു ബിൽ എനിക്കു രൂപീകരിക്കുവാൻ കഴിയും. അത്രമാത്രം എനിക്കിതിൽ അനുഭവമുണ്ടു്. ജന്മിമെമ്പർ ജന്മിമാരുടേയും കുടിയാൻമെമ്പർ കുടിയാന്മാരുടേയും കാര്യങ്ങൾ മാത്രം പറയുന്നു എന്നാണു വച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. N. Tuppan Namputiripad]

ക്കുന്നത്. അതിനാൽ ജന്മിമെമ്പർ എന്തെങ്കിലും ഒന്നു പറഞ്ഞാൽ അതു കടിയാനു ദോഷമാണെന്നു വിചാരിച്ചു എതുക്കുന്നു എന്നുള്ളതാണു് ഇവിടെ കണ്ടുവരുന്നതു്.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ഈ വകുപ്പു ഇവിടെ കിടക്കുന്നതുകൊണ്ടു ദോഷമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ആവശ്യമില്ലാത്തതു കിടന്നതുകൊണ്ടു് എന്താണു പ്രയോജനം ?

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): ആവശ്യമുണ്ടോ ഇല്ലയൊ എന്നുള്ളതിരിക്കട്ടെ, ഇതിവിടെ കിടക്കുന്നതുകൊണ്ടു വല്ല ദുഷ്യവുമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഉണ്ടു്. ഞാൻ മുമ്പു പറഞ്ഞതുപോലെ ദുർവ്യാഖ്യാനം ചെയ്യാൻ ഇടവരും.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഈ വകുപ്പു എടുത്തുകളഞ്ഞാൽ തൊറിദ്ധാരണക്കിടയുണ്ടെന്നു ലാമെമ്പർ പറഞ്ഞതു കേട്ടില്ലെ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): തെറ്റിദ്ധാരണയുണ്ടാകുമെന്നു ഞാൻ വിചാരിക്കുന്നില്ല. നേരെ മറിച്ചു ഇതു എടുത്തുകളഞ്ഞാൽ തെറ്റിദ്ധാരണക്കൊ ദുർവ്യാഖ്യാനത്തിനൊ ഇടവരികയില്ലെന്നാണു് ഞാൻ പറയുന്നതു്.

ജന്മിമാക്കു് ഇതിൽ വലിയ നിർബന്ധമില്ല. നേരെമറിച്ചു ഇതു എടുത്തുകളഞ്ഞാൽ കുടിയാനു വലിയ രക്ഷയാണുള്ളതു്. ഇതുവരെ ജന്മിമാർ കുടിയാന്മാക്കു കരുണയാണു കാണിച്ചുവന്നിരുന്നതു്. Mr. E. V. Krishna Pillai (*Hear hear,*) അതുകൊണ്ടു് ഇവിടെയും കാണിക്കുന്നു എന്നേയുള്ളു.

MR. K. P. ABRAHAM (*Muvattupuzha* cum *Todupuzha*): മൂന്നാം വിവരണം ആവശ്യമുണ്ടോ?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): മൂന്നാംവിവരണമുള്ളപ്പോൾ നാലാംവിവരണം ആവശ്യമില്ല.

അതിനാൽ എന്റെ ഭേദഗതി വോട്ടിനിടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

PRESIDENT: The amendment is to delete Explanation 4 to Section 5.

The amendment was put to vote and declared lost.

LIBRARY ARCHIVES Kerala Legislative Assembly

MR. C. N. TUPPAN NAMPUTIRIPAD (*Jennies* : വോട്ടം എടുക്കണം.

A poll was taken and the House divided as follows :

AYES 5.

1. Mr. M. Govindan
2. „ N. John Joseph
3. „ C. P. Bhattatiri
4. Mr. N. Raman Namputiripad
5. „ C. N. Tuppan Namputiripad

NOES—42.

1. Mr. K. P. Abraham
2. „ L. A. Bishop
3. „ K. C. Chandi
4. „ Chattanatha Karayalar
5. „ A. S. Damodaran Asan
6. „ R. Dhanukoti Pillai
7. „ K. George
8. „ K. Gopalakrishna Pillai
9. „ Joseph Kunju
10. „ K. C. Karunakaran
11. „ K. P. Kochukora Tarakan
12. „ K. Krishnan Nayar
13. „ E. V. Krishna Pillai
14. „ N. K. Krishna Pillai
15. „ S. Krishna Pillai
16. „ A. Kumara Pillai
17. Rao Sahib Dr. N. Kunjan Pillai
18. Mr. K. Kunjukrishna Pillai
19. „ K. Madhavan Pillai
20. „ K. P. Madhavan Pillai
21. „ M. P. Madhavan Pillai
22. „ C. O. Madhavan
23. „ Mahomed Mustapha
24. Mr. P. S. Mahomed
25. „ E. G. McAlpine
26. „ A. Narayana Pillai
27. „ K. Narayanperumal Nadar
28. „ K. P. Nilakanta Pillai
29. „ R. Nilakanta Pillai
30. „ K. Padmanabha Panikkar
31. „ N. K. Padmanabha Pillai
32. „ G. Parameswaran Pillai
33. „ Kayalam Parameswaran Pillai
34. „ Rama Varma Raja
35. Dr. K. Raman Tampi
36. Mr. S. C. H. Robinson
37. „ R. S. Subrahmanya Pillai
38. „ N. A. Sundaram Pillai
39. „ A. Thanu Pillai
40. Rao Bahadur A. Venkatarama Aiyar
41. Mr. P. Visvanatha Aiyar, and
42. Mr. J. S. Westerdale

NEUTRALS—Nil

The amendment was declared lost, 5 voting *for* and 42 *against*.

The proposed Sections 5, 6 and 7, of Clause IV of the Bill as revised, were then put to vote and carried.

The Sections were added to the Bill.

Clause IV Proposed Section 8,

MR. C. N. TUPPAN NAMPUTIRIPAD (*ennie*) : സെക്ഷൻ (൮) ൽ നാംവരിയിൽ "പതിവു എന്നുതന്നെയായിരുന്നാലുമാ" എന്നതിനു പകരം "മറുതരത്തിലുള്ള കരാറില്ലെങ്കിൽ" എന്നു ചേർക്കേണ്ടതാണെന്നുള്ള ഭേദഗതി ഞാൻ കൊണ്ടുവരുന്നു.

ഈ സെക്ഷനു ഇതിനുമുമ്പു ഒരു ഭേദഗതി വന്നിട്ടുണ്ട്. അതായതു ൫൫ എന്നുള്ളതു ൩൦ ശതമാനമാക്കീട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആ സ്ഥിതിക്കു ഈ ഭേദഗതി ഇവിടെ ആവശ്യമില്ല. ടൈപ്പുചെയ്തുവച്ചിട്ടുള്ള ഭേദഗതി അവതരിപ്പിച്ചാൽമതി.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കാണത്തിന്റെ ൫൦ ശതമാനം എന്നുള്ളതായ ഭേദഗതിയെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

MR. E. V. KRISHNA PILLAI (*Kottarakara* cum *Kunnattur*): Am I to understand that he moves the amendment to raise the 25 per cent, to 30 per cent?

PRESIDENT. There are two amendments.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ൨൫ ശതമാനം എന്നുള്ളതു ൩൦ ശതമാനമാക്കിയാൽ മതിയെങ്കിൽ ശേഷംഭാഗങ്ങൾ സ്വീകരിക്കാമല്ലൊ.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): ഈ ബില്ലിൽ അവകാശം ൨൫ ശതമാനത്തിൽ കവിയാൻ പാടില്ലെന്നാണുള്ളതു്. അതു ൩൦ ൽ കവിയാതെ എന്നുള്ള നിലയിൽ നാം പാസ്സാക്കികഴിഞ്ഞു. എന്നാൽ ഇതിൽതന്നെ "വിപരീതമായ കരാറുണ്ടായിരുന്നാലും" എന്നുള്ളതു എടുത്തുകളഞ്ഞു ൩൦ ശതമാനം എന്നു ചേർക്കണമെന്നാണു് ഞാൻ പറയുന്നതു്.

M. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): കരാർ ൩൦ ശതമാനത്തിൽ കൂടുതൽ ഉണ്ടായിരുന്നാൽ കൂടുതൽ കിട്ടണമെന്നാണൊ അഭിപ്രായം?

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): കരാറൊന്നുമില്ലാത്ത അധികാരങ്ങൾ ധാരാളമുണ്ടു്. കരാറുള്ള അധികാരങ്ങളിലെ കരാറുകളെ ദുർബലപ്പെടുത്തുക എന്നുള്ളതാണു ഈ കൊണ്ടുവരുന്നതു്, അതായതു ജന്മിമാർക്കനുകൂലമായ കരാറുകൾ വരുമ്പോൾ അവയെ ദുർബലപ്പെടുത്തുകയും കൂടിയാന അനുകൂലമായ കരാറുകൾ വരുമ്പോൾ ആ കരാറനുസരിച്ചു നടക്കുമെന്നു പറയുകയുമാണു് ചെയ്യുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇപ്പോൾ അച്ചടിച്ച കോപ്പിയിലുള്ള ഭേദഗതി ആദ്യം എടുത്തു അതു സ്വീകരിക്കയൊ തള്ളുകയൊ ചെയ്തശേഷം ഈ അമൻറുമെൻറിനെപ്പറ്റി ആലോചിക്കാം.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*) ൩൦ ശതമാനമാക്കണമെന്നുള്ളതു മാത്രം അവതരിപ്പിക്കണൊ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ആദ്യഭാഗത്തുള്ള ഭേദഗതി തീർത്തശേഷം വേണം പിന്നെയുള്ള ഭാഗത്തേക്കു പോകാൻ.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): In that case, Sir, he may first move the amendment on the printed paper. He may move the other amendment afterwards.

PRESIDENT: Yes.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഇനി അവതരിപ്പിച്ചുകൊള്ളുക.

MR. C. N. TUPPAN NAMPUTIRIPAD (*Jenmies*): വിപരീതമായി വല്ല നടപ്പും കരാറും ഉണ്ടായിരുന്നാലും കാണത്തിന്റെ നൂറു ശതമാനത്തിൽ കവിയാതെ പൊളിച്ചെഴുത്തു ഫീസായി ക്ളിപ്തം ചെയ്യണമെന്നുള്ള ഭേദഗതി അവതരിപ്പിക്കുന്നു. അച്ചടിച്ചകടലാസിലെ അമൻറുമെൻറു അവതരിപ്പിക്കുന്നില്ല.

MR. N. RAMAN NAMPUTIRIPAD (*Co-opted*): ഞാൻ അതിനെ പിൻതാങ്ങുന്നു.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): Sir, I accept the amendment that 30 per cent. may be substituted for 25 per cent. I accept this in view of the assurance given in the House on a previous occasion.

The amendment, that in Section 8 of Clause IV the word '*thirty*' be substituted for the word '*twentyfive*' was then put to vote and carried *nem con.*

The question that the proposed Section 8 (of Clause IV) as amended do form part of the Bill was then put to vote and carried.

The Section was added to the Bill.

The proposed Sections 9, 10, 11 and 12 of Clause IV in the Bill as revised were then put to the vote of the House and carried.

The Sections were added to the Bill.

Section 13.

The following amendment was not moved:

Mr. S. KRISHNA PILLAI: Section 13:

Substitute the following for the existing Section:—

"Notwithstanding any custom, usage or contract to the contrary, no renewal of a kanapattom existing on the date on which this Regulation comes into or brought into existence thereafter shall be enforceable as between the kanomdar and the jenmi."

The proposed Section 13 of Clause IV in the revised Bill, was then put to vote and carried.

The Section was added to the Bill.

PRESIDENT: I think there is going to be considerable amount of discussion on Section 14 of Clause IV. It seems very improbable that, even if we sit on Monday, it would be possible for us to finish the Bill. Is the House able to assure me that the Bill can be finished if we sit on Monday?

RAO BAHADUR A. VENKATARAMA AIYAR (*Nominated, Deputy President*): I do not think any assurance of that kind would be of any use considering the nature of the discussion we have been having so far.

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur A. Venkatarama Aiyar.]

My own idea is that a special session may be held for not less than four days on the understanding that, if the Bill is not finished in the four days allotted, the sitting may be continued for a day or two. There are several controversial points between the jenmies and the kudiyans.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): May I take it that it is the opinion of the Deputy President that we cannot finish the consideration of the Bill even if we sit on Monday?

RAO BAHADUR A. VENNKATARAMA AIYAR (*Nominated, Deputy President*): I do not think that will be possible. There are several controversial points which have to be threshed out satisfactorily. I would therefore suggest that it would be desirable to hold a special session for this purpose.

PRESIDENT: In that case I do not think it advisable to start discussion on Section 14 now. We will close this session now. The suggestion made by the Deputy President, about holding a special session, will be considered; I cannot hold out a promise now.

There will be no sitting on Monday; and I hereby prorogue the Council.

The Council was prorogued at 3/45 P. M.

A. KUMARA PILLAI,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly